**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 27** **23-01-2025 - ൽ മറുപടിയ്ക്ക്**

**പത്തനംതിട്ട പീഡനക്കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പത്തനംതിട്ട ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വച്ച് അറുപത്തിനാലോളം പേർ അഞ്ച് വർഷം തന്നെ ശാരീരികമായി പീഡനത്തിന് വിധേയമാക്കിയെന്ന പെൺകുട്ടിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പോലീസ് എത്ര പ്രതികളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്; ഇതിൽ എത്ര പേർ പ്രായപൂർത്തിയാകാത്തവരുണ്ടെന്ന് അറിയിക്കാമോ; | (എ) | ഈ കേസിൽ അതിജീവിതയായ കുട്ടി പഠിക്കുന്ന പള്ളിക്കൂടത്തിൽ കുടുംബശ്രീ മിഷന്റെ കീഴിലുള്ള "സ്നേഹിത" എന്ന ഹെൽപ്പ് ഡെസ്ക് മുഖേന നടന്ന കൗൺസിലിങ്ങിലൂടെയാണ് ദളിത് വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയെ നിരവധി പേർ ലൈംഗികമായി പീഡിപ്പിച്ച കാര്യം വെളിപ്പെട്ടത്. അതീവ ഗൗരവകരമായ ഈ വെളിപ്പെടുത്തലിനെ തുടർന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന തുടർ നിയമ നടപടികൾ സ്വീകരിക്കുകയുണ്ടായി.<br><br>പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് അന്വേഷണം ആരംഭിക്കുകയും പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.<br><br>പത്തനംതിട്ടയിൽ 30 കേസുകളും തിരുവനന്തപുരം റൂറൽ ജില്ലയിൽ ഒരു കേസുമാണ് അന്വേഷണത്തിലുള്ളത്. ആകെ 59 പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. 56 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് (രണ്ട് കേസുകളിലെ ഒരു പ്രതി ഉൾപ്പെടെ). പ്രതികളിൽ 7 പേർ പ്രായപൂർത്തിയാകാത്തവരാണ്.<br><br>ഇനി അറസ്റ്റ് ചെയ്യാനുള്ള 2 പ്രതികൾ വിദേശത്തും ഒരാൾ ഒളിവിലുമാണ്. |
| (ബി) | പെൺകുട്ടിക്ക് പ്രായപൂർത്തിയാകുന്നതിന് മുമ്പ് പീഡനത്തിന് വിധേയരാക്കിയവർ എത്ര പേരാണ്; | (ബി) | ഇതുവരെയുള്ള അന്വേഷണത്തിൽ 59 പേരാണ്. |
| (സി) | പെൺകുട്ടിക്ക് നീതി ഉറപ്പാക്കാൻ കഴിയത്തക്കവിധം പഴുതടച്ചുള്ള അന്വേഷണം നടത്തുന്നതിനാവശ്യമായ നിർദേശം നൽകിയിട്ടുണ്ടോ? | (സി) | ഉണ്ട്. പത്തനംതിട്ടയിൽ മൂന്ന് ഡി.വൈ.എസ്.പി.മാരുടെയും തിരുവനന്തപുരത്ത് വർക്കല ഡി.വൈ.എസ്.പി.യുടെയും നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പഴുതടച്ചുള്ള കേസന്വേഷണവും പ്രോസിക്യൂഷൻ നടപടികളും ഉറപ്പ് വരുത്തുന്നതിന് തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ